ഉത്തരം

(എ) ഉണ്ട്.

(ബി) 24-6-1985-ലെ സർക്കാർ നിർദ്ദേശ പ്രകാരമാണ് നിയമനങ്ങൾ മരവിപ്പിച്ചിരിക്കുന്നത്.

(സി) ബസ്സ് സ്റ്റാഫ് അനുപാതം ഇപ്പോൾ 9-ൽ നിന്നും ഏഴാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടെ 7.5-ൽ ആക്കുന്നതുവരെ.

(ഡി) ഇതു കാരണം പി.എസ്.സി. യുടെ ലിസ്റ്റിൽനിന്നും നിയമനം നടത്താൻ സാദ്ധ്യമല്ലാതായിരിക്കുകയാണ്.

ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ തൊഴിലാളി അനുപാതം

247 [561] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിലവിലുള്ള തൊഴിലാളി അനുപാതം എത്രയാണ്;

(ബി) ഈ അനുപാതം കുറയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്രയായി കുറയ്ക്കാനാണ് നിർദ്ദേശം;

(ഡി) ഇപ്രകാരം ഇപ്പോൾ ഒരു നിർദ്ദേശം നൽകാനുണ്ടായ സാഹചര്യമെന്താണ്?

ഉത്തരം

(എ) ഒരു ഷെഡ്യൂളിന് 10.38 തൊഴിലാളികൾ.

(ബി) ഉണ്ട്.

(സി) ഉടനെ ഒന്നാക്കി കുറയ്ക്കാനും ഏഴാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടെ 7.5 ആക്കാനുമാണ് നിർദ്ദേശം.

(ഡി) തുടർച്ചയായി വൻ നഷ്ടം നേരിട്ടുകൊണ്ടിരിക്കുന്ന ട്രാൻസ്പോർട്ട് കോർപ്പറേഷനെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനുള്ള നടപടികളുടെ ഭാഗമായിട്ടാണ് ഇപ്പോൾ ഈ നിർദ്ദേശം നൽകിയിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി. യിലെ അദർ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കൽ

248 [562] ശ്രീ. സി.കെ. ചക്രപാണി:
,, ഇ. പത്മനാഭൻ:
,, ടി.കെ. ഹംസ:
,, എ.കെ. പത്മനാഭൻ:
,, സി. വാസുദേവമേനോൻ:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ അദർ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കിയോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നു മുതൽ;

(സി) അദർ ഡ്യൂട്ടി പൂർണ്ണമായും നിർത്തൽ ചെയ്യുകയുണ്ടായോ;

(ഡി) കെ.എസ്.ആർ.ടി.സി. യിലെ അദർ ഡ്യൂട്ടിയിൽ എന്തെല്ലാം ജോലികളാണ് ഉൾപ്പെടുത്തിയിരുന്നത്;

(ഇ) ഇവർ നിർവ്വഹിച്ചു കൊണ്ടിരുന്ന ജോലി നിർവ്വഹിക്കുവാൻ ആരെയാണ് ഇപ്പോൾ നിയോഗിച്ചിരിക്കുന്നത്;

(എഫ്) ശാരീരികമായി തികച്ചും അവശരായ റഗുലർഡ്യൂട്ടി നോക്കാൻ കഴിയാത്തവരെ എന്തു ചെയ്യാനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്;

(ജി) അദർ ഡ്യൂട്ടി നിർത്തലാക്കുന്നതു മൂലം കോർപ്പറേഷനു ണ്ടാകുന്ന ലാഭമെത്ര?

ഉത്തരം

(എ) നിർത്തലാക്കി.

(ബി) 13–8–1985 മുതൽ.

(സി) ഉണ്ടായി.

(ഡി) കൺസഷൻ ടിക്കറ്റുകളുടേയും പ്രയോറിറ്റി കൂപ്പണുകളുടേയും വിതരണം, എൻകയറി കൗണ്ടർ, സ്റ്റേഷൻ കൺട്രോൾ, മൊബൈൽ പെട്രോൾ, കണ്ടക്ടറുടേയും, ഡ്രൈവറുടേയും അറൻഡൻസ്, ഫെയർ റിവിഷൻ, കളക്ഷൻ, സ്റ്റാറ്റിക്സ് ഷണ്ടിംഗ്, സ്റ്റാഫ് കാർ, ജീപ്പ് വാൻ എന്നിവ ഓടിക്കുന്നത് തുടങ്ങിയവയാണ് അദർ ഡ്യൂട്ടിയിൽ ഉൾപ്പെടുത്തിയിരുന്ന ജോലികൾ.

(ഇ) ഓരോ ജോലിയിലും അതിനായി നിശ്ചയിച്ചിട്ടുള്ളവർ തന്നെ ചെയ്യണമെന്നാണ് ഇപ്പോഴത്തെ നിർദ്ദേശം.

(എഫ്) പെൻഷൻ നൽകാൻ ഉദ്ദേശിക്കുന്നു.

(ജി) കണക്കാക്കിയിട്ടില്ല.

കെ.എസ്.ആർ.ടി.സി. യിലെ ഈ വർഷത്തെ ബോണസ്സ്

249 [563] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഈ വർഷം എത്ര ശതമാനം ബോണസ് നൽകി;

(ബി) കഴിഞ്ഞ വർഷം എത്ര ശതമാനം ബോണസ് ആണ് നൽകിയത്;

(സി) ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ ബോണസ് ശതമാനം കുറവായിരുന്നുവോ;

(ഡി) എങ്കിൽ എന്തുകൊണ്ട്;

(ഇ) കഴിഞ്ഞ വർഷം ബോണസിനു പുറമേ ''എക്സ് ഗ്രേഷ്യാ'' പേമെന്റു നൽകിയിരുന്നുവോ;

(എഫ്) എങ്കിൽ എത്ര ശതമാനം;

(ജി) ഈ വർഷം ''എക്സ്ഗ്രേഷ്യാ'' അനുവദിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly